## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.14** **26/09/2016-ലെ മറുപടിക്ക്**

### 'ഹരി കിരണം' മെഗാ മെഡിക്കൽ ക്യാമ്പ്

**ചോദ്യം**

ശ്രീ. പി.വി.അൻവർ
ശ്രീ. രാജു എബ്രഹാം
ശ്രീ. ഒ.ആർ.കേളു
ശ്രീ. പി.ഉണ്ണി

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'ഹരി കിരണം' മെഗാ മെഡിക്കൽ ക്യാമ്പിന്റെ വിശദാംശം നൽകമോ; | (എ) | വിളർച്ച, വന്ധ്യത, ജീവിത ശൈലീ രോഗങ്ങൾ, ലഹരിമുക്ത ചികിത്സ, വാർദ്ധ്യക്യകാല ചികിത്സ എന്നി 5 വ്യത്യസ്ഥ രോഗാവസ്ഥയിലുള്ള ചികിത്സ ആവശ്യമായ രോഗികൾക്ക് ആയുർവേദ-ഹോമിയോ ചികിത്സാ സമ്പ്രദായങ്ങളെ സമന്വയിപ്പിച്ച് സംസ്ഥാനത്ത് 28 പട്ടിക ജാതി കോളനികളിൽ ഹരികിരണം മെഗാ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെയും ക്ലിനിക്കൽ ലാബിന്റെയും പ്രയോജനം കിട്ടത്തക്കരീതിയിലാണ് പ്രസ്തുത ക്യാമ്പ് നടത്തിയിട്ടുള്ളത്. കൂടാതെ ആരോഗ്യ ബോധവത്കരണ ക്ലാസ്സും യോഗ പരിശീലനവും സൗജന്യ ഔഷധ സസ്യ വിതരണവും ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു. |
| (ബി) | ഏതൊക്കെ വകുപ്പുകൾ ചേർന്നാണ് പ്രസ്തുത മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്; | (ബി) | നാഷണൽ ആയുഷ് മിഷന്റെ നേതൃത്വത്തിൽ പട്ടികജാതി വികസനം, ഹോമിയോപ്പതി, ആയുർവേദം എന്നീ വകുപ്പുകൾ ചേർന്നാണ് ഹരികിരണം മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്. |
| (സി) | പട്ടികജാതി കോളനികളിൽ കണ്ടുവരുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇത് പോലുള്ള ക്യാമ്പുകൾ ഇനിയും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ